

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പായിപ്പാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം/ പി10/1947/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 18/12/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം/ പി10/1947/2024 തീയ്യതി: 18/12/2024

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-08-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	22-11-2024	30-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-11-2024	30-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ഇന്ദുലേഖ. എ, ഓഡിറ്റ് ഓഫിസർ
ശ്രീമതി. സുധ ജേക്കബ്, ഓഡിറ്റ് ഓഫിസർ
ശ്രീ. ഉണ്ണികൃഷ്ണൻ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിനീത് രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കെ. ഡി. മോഹനൻ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി. ലിറ്റി തോമസ്	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബിന്ദു ഹരിഹരൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീ. അസ്ജാദ്. എം. എഫ്	അസിസ്റ്റന്റ് എഞ്ചിനിയർ (LID & EW)	01-04-2023	14-07-2023
ശ്രീമതി. ഫാത്തിമ. കെ. ഇ	അസിസ്റ്റന്റ് എഞ്ചിനിയർ (LID & EW)	15-07-2023	31-03-2024
ഡോ. അജിത്ത് തോമസ് മാത്യു	മെഡിക്കൽ ഓഫീസർ (FHC)	01-04-2023	31-03-2024
ഡോ. ലൗലി ഫിലിപ്പ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	02-01-2024
ഡോ. ആരതി ഗോപിനാഥ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	03-01-2024	12-02-2024
ഡോ. ദിവ്യ ലക്ഷ്മി	മെഡിക്കൽ ഓഫീസർ (ആയുർവേദം)	13-02-2024	13-02-2024

ഡോ. ആരതി ഗോപിനാഥ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	14-02-2024	31-03-2024
ഡോ. ഗായത്രി ബി. എസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
ഡോ. സരിത തങ്കച്ചൻ	വെറ്ററിനറി സർജ്ജൻ	01-04-2023	31-03-2024
ശ്രീ. എൽദോസ് ജോർജ്ജ്	കൃഷി ഓഫീസർ	01-04-2023	06-07-2023
ശ്രീ. ഗൗതം സുരേഷ്	കൃഷി ഓഫീസർ	07-07-2023	31-03-2024
ശ്രീമതി. അനു മാത്യു	ഐ. സി. ഡി. എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി. ജയലക്ഷ്മി. എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ. മനോജ് . പി. ജി	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ശ്രീമതി. നീരജ മറിയം ജോസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ (ളായിക്കാട് സർക്കിൾ)	01-04-2023	20-04-2023
ശ്രീ. നിഖിൽ രാജ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ (ളായിക്കാട് സർക്കിൾ)	21-04-2023	15-05-2023
ശ്രീ. ശ്രീകാന്ത്. എം	വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ (ളായിക്കാട് സർക്കിൾ)	16-05-2023	31-03-2024
ശ്രീമതി. പ്രീതി	സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ്	01-04-2023	29-05-2023

ശ്രീമതി. ശ്യാമ	സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ്	30-05-2023	16-02-2024
ശ്രീ. സന്നീഷ്	സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ്	17-02-2024	31-03-2024
ശ്രീമതി. ഷൈല. കെ. ഇ	വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ (പായിപ്പാട് സർക്കിൾ - അഡീഷണൽ ചാർജ്ജ്)	01-04-2023	18-04-2023
ശ്രീ. നിഖിൽ രാജ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ (പായിപ്പാട് സർക്കിൾ)	19-04-2023	20-07-2023
ശ്രീ. രതീഷ്. പി. ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ (പായിപ്പാട് സർക്കിൾ)	21-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24	1-1
2	ജനറൽ ഫണ്ട് വിശദാംശം ലഭ്യമായില്ല	1-1-1
3	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല	1-1-3
5	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-4
6	മുൻകൂർ തുക - ക്യത്യത ഉറപ്പാക്കിയിട്ടില്ല	1-1-5
7	ബജറ്റ്-വിശകലനം	1-2
8	സാമ്പത്തിക വിശകലനം	1-3
9	ഗ്രാന്റ് വിനിയോഗം	1-4
10	വാർഷിക പദ്ധതി അവലോകനം	1-5
11	മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി	1-6
12	സാമൂഹ്യസുരക്ഷാ പദ്ധതികൾ	1-7
13	ക്യാഷ് ബാലൻസിന്റെ പരിശോധന	1-8
14	ആഭ്യന്തരനിയന്ത്രണ സംവിധാനം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
16	വസ്തുനികുതി പരിഷ്കരണം - ഫീൽഡ് പരിശോധന പൂർത്തിയായില്ല.	1-11
17	വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല.	1-12
18	ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു	1-13

19	ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-14
20	IFTE & OS ലൈസൻസ് - സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നില്ല	1-15
21	നികുതി വരവിനങ്ങളിലെ കുടിശ്ശിക	1-16
22	മീറ്റ് സ്റ്റാൾ ലേലം - 7.06 ലക്ഷം രൂപ ഈടാക്കിയില്ല	1-17
23	ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് ഈടാക്കിയില്ല	1-18
24	ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- വാങ്ങലുകൾ നടത്തിയപ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചില്ല.	1-19
25	പോത്തുകുട്ടി വളർത്തൽ പദ്ധതി - ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായും ഉറപ്പുവരുത്തിയില്ല	1-20
26	കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല	1-21
27	അജൈവ മാലിന്യനിർമ്മാർജ്ജനം- ഇ-ഓട്ടോ പ്രവർത്തനരഹിതം- എംസിഎഫിൽ മാലിന്യം കെട്ടിക്കിടക്കുന്നു	1-22
28	സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ- രേഖകൾ പൂർണമല്ല	1-23
29	വെള്ളക്കരം- പ്രതിവർഷം 25 ലക്ഷത്തിലധികം രൂപ അടവാക്കുന്നു- സംയുക്തപരിശോധന പൂർത്തിയാക്കിയിട്ടില്ല.	1-24
30	B-18 പട്ടിക പ്രകാരം വൻ തുക മുൻകൂർ ക്രമീകരിയ്ക്കാൻ അവശേഷിയ്ക്കുന്നു.	1-25
31	തനത് ഫണ്ടിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥർക്കു നൽകിയ മുൻകൂർ ക്രമീകരണവിവരം ലഭ്യമാക്കിയില്ല	1-26
32	കണ്ണാനാട്ടുകുളം-കുടി വെള്ള പദ്ധതി- കുളം വൃത്തിയാക്കുന്നത് സംബന്ധിച്ച് .	1-27

33	R ട്രാക്ക് റോഡ് മാപ്പിങ്ങ് -പൂർത്തിയായില്ല	1-28
34	ഗ്യാസ് ക്രിമറ്റോറിയം - നിലവിലെ നിർമ്മാണപ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-29
35	ടേക്ക് എ ബ്രേക്ക് -പ്രവർത്തനസജ്ജമാക്കിയിട്ടില്ല	1-30
36	മരാമത്ത് പ്രവൃത്തികളുടെ സ്ഥല പരിശോധന – പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-31
37	ലൈഫ് ഭവന പദ്ധതി - മുൻകൂർ തുക കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.	1-32
38	ആശ്രയ- അഗതിരഹിതകേരളം പദ്ധതി- അക്കൗണ്ടിൽ ദീർഘനാളായി പ്ലാൻഫണ്ട് നിലനിൽക്കുന്നു.	1-33
39	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ	1-34

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7

8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1.***പായിപ്പാട്*** ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.06.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 28.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന്

മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, *പായിപ്പാട്* ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി :18.12.2024 **ഡെപ്യൂട്ടി ഡയറക്ടർ**

<u>1-1-1 ജനറൽ ഫണ്ട് വിശദാംശം ലഭ്യമായില്ല</u>

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല

വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച്, മുന്നിരിപ്പ് വിശദാംശമുൾപ്പെടെ രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നത് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-4 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-5 മുൻകൂർ തുക - കൃത്യത ഉറപ്പാക്കിയിട്ടില്ല

മുൻകൂർ രജിസ്റ്റർ പ്രകാരം, 24,55,000/-രൂപയാണ് മുൻകൂറായി 2023-24 സാമ്പത്തിക വർഷം വരെ ഭൂജല വകുപ്പിന് നൽകിയിരിയ്ക്കുന്നത്. എന്നാൽ B18 പട്ടികയിൽ

രേഖപ്പെടുത്തിയിരിക്കുന്നത് 80000/--രൂപയാണ്. അപാകത പരിഹരിക്കേണ്ടതാണ്.

1-2 ബജറ്റ്-വിശകലനം

2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23.02.23 ലെ 1/1-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 03.02.24 ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	
	ആദ്യത്തേത്	പുതുക്കിയത്
മുന്നിരിപ്പ്	28596300	28696300
വരവ്	171354500	143093500
ആകെ	199950800	171789800
ചെലവ്	176846000	149335000
നീക്കിയിരിപ്പ്	23104800	22454800

ബജറ്റ് പ്രകാരം 14.30 കോടി രൂപ വരവും 14.93 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 13.04 കോടി രൂപയും ചെലവ് 12.84 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം &

എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷമുള്ള വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2023-24

മുന്നിരിപ്പ് (01/04/2023)	1,64,20,067
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	72505089
ആകെ	8,89,25,156
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment)	69579397
നീക്കിയിരിപ്പ് (31/03/2024)	1,93,45,759

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24

ഓഡിറ്റ് വർഷത്തെ വരുമാനം(Income)	130419539.00
ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure)	128425940.00
പ്രവർത്തന മിച്ചം (Gross Surplus)	1993599.00
ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	2202526.00
അറ്റ പ്രവർത്തന മിച്ചം	4196125.00

2023-24 ഓഡിറ്റ് സംക്ഷിപ്തം

വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്)	ഇല്ല

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**2260458/-**

1-4 ഗ്രാന്റ് വിനിയോഗം

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %
വികസന ഫണ്ട്-ജനറൽ	---	16967000	16967000	16362518	604482	96.43
വികസന ഫണ്ട്-SCP	---	7878000	7878000	5870196	2007804	75
വികസന ഫണ്ട്-TSP	--	--	-------	-------	-----	
മെയിന്റനൻസ് ഗ്രാന്റ്-Road	--	11842650	11842650	7702411	4140239	66
മെയിന്റനൻസ് ഗ്രാന്റ്-Non Road	---	3672600	3672600	3672058	542	99

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied	750423	2809000	**3606605(47182 പലിശ ഉൽപ്പെടെ)**	**2927747**	678858	81
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied	1559407	**2107000**	3666407	947845	2718562	26
National Health Mission(NHM) ഫണ്ട് Diagnostic Purposes& Infrastructure Development	11874	887380	899254	887239	12015	98
ആരോഗ്യഗ്രാന്റ് (പി.എച്ച്.സി കളുടെ നവീകരണത്തിനുള്ള തുക)	81142	376740	457882	449194	8688	98
ആരോഗ്യഗ്രാന്റ് (പി.എച്ച്.സി കളുടെ കെട്ടിടനിർമ്മാണത്തിനുള്ള തുക)	---	277500	2885500 (പലിശ ഉൾപ്പെടെ)	-----	2885500	0
ഐ.സി.ഡി.എസ്	1206400	1931878	3138278	1407304	1730974	45
ശുചിത്വമിഷൻ	1046880	-----	1046880	904398	142482	86
ലൈഫ് സംസ്ഥാന വിഹിതം	800000	2200000	3000000	2380000	620000	80

1. ജി ഒ പ്രോജക്ടുകളായ (241/24, 244/24, 247/24) പ്രകാരം 798780/-രൂപ വികസന ഫണ്ട് ജനറലിൽ നിന്നും, (248/24,242/24, 245/24) പ്രകാരം 182780/-രൂപ വികസന ഫണ്ട് (എസ് സി പി) നിന്നും

ലൈഫ്ഭവന പദ്ധതി വായ്പ ഇനത്തിൽ കുറവു ചെയ്തിട്ടുണ്ട്.

2. ജി ഒ പ്രോജക്ടുകളായ (240/24,243/24,246/24) പ്രകാരം 1182600/-രൂപ വികസന ഫണ്ട് ജനറലിൽ നിന്നും അംഗനവാടി വേതനമിനത്തിൽ കുറവു ചെയ്തിട്ടുണ്ട്.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 വാർഷിക പദ്ധതി അവലോകനം

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) രണ്ടാം വാർഷിക പദ്ധതിയ്ക്ക് (2023-24) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 83898/23/DPC/DPO/KTMതീയതി 03/02/2024 പ്രകാരം പുതുക്കി അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തനഘട്ടം	തീയതി/ കമ്മറ്റി തീരുമാനം
ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു അംഗീകരിച്ചത്	11/11/2022 1(1)

ആസൂത്രണസമിതിയോഗം	16/12/2022 15/12/2023 1(1)
പദ്ധതി രൂപീകരണഗ്രാമസഭകൾ	27/12/2022--07/01/23
വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി	21/12/2022
ഭിന്നശേഷിഗ്രാമസഭ	22/02/2023
വികസനസെമിനാർ	08/02/2023
ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചത്	27/06/2023
ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചത്	21/03/2023

2023-24 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

നിർവ്വഹണഉദ്യോഗസ്ഥൻ	നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ	ചെലവ്	ശതമാനം
കൃഷി ഓഫീസർ	4	4	4094820	857638	21
വെറ്ററിനറി സർജൻ	8	7	2976200	1721158	58
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി	12	12	5282921	5233858	99

മെഡിക്കൽ ഓഫീസർ-ഹോമിയോ	4	4	360000	343407	96
മെഡിക്കൽ ഓഫീസർ-ആയുർവേദം	3	2	390000	321507	83
ഫിഷറീസ് സബ് ഇൻസ്പെക്ടർ	2	1	180000	80000	45
വി.ഇ.ഒ	25	17	133540791	15819229	12
ഐ.സി.ഡി.എസ് -സൂപ്പർവൈസർ	14	11	6863515	5302304	98
സെക്രട്ടറി	44	19	10884317	6986388	64
ഹെഡ്മാസ്റ്റർ	4	4	748830	713044	96
അസിസ്റ്റന്റ് എഞ്ചിനീയർ	82	35	43024964	11913957	28
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1270000	861932	68
അസിസ്റ്റന്റ് സെക്രട്ടറി	7	6	1640724	1465316	90
ആകെ	**211**	**124**	**211257082**	**51619738**	**25**

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13-നിർവ്വഹണോദ്യോഗസ്ഥരാണ്. **211257082/-** രൂപ വകയിരുത്തിയതിൽ **51619738/-** രൂപയാണ് ചെലവഴിക്കാനായത്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 82 പ്രോജക്ടുകളിൽ 35 എണ്ണം മാത്രമെ പൂർത്തിയാക്കി ബിൽ മാറിയിട്ടുള്ളൂ. അസി.എഞ്ചിനീയർ 1 കോടി 19 ലക്ഷം രൂപ ചെലവഴിച്ചു. ***അനുവദിച്ച***

റോഡ് ഫണ്ടിൽ രണ്ട് ഗഡു മാത്രമെ ഓഡിറ്റു വർഷം അനുവദിച്ചിട്ടുള്ളു. അനുവദിച്ച തുക യിൽ 7702411/- രൂപ (66%) ചെലവഴിച്ചിരുന്നു.

.പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2023-24 ൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിപ്പ് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു.

കാർഷികമേഖലയിൽ നെൽകൃഷിയെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുള്ള ശ്രമങ്ങൾ പദ്ധതി കാലയളവിൽ കാര്യമായി നടന്നില്ല. മൃഗസംരക്ഷണമേഖലയിൽ 8 പദ്ധതികളും ക്ഷീരകർഷകർക്ക് പാലിനു സബ്സിഡിയായി 8.6 ലക്ഷം രുപഅനുവദിയ്ക്കുന്നതിനും സാധിച്ചിരുന്നു. സാന്ത്വനപരിചരണം, മരുന്നുവാങ്ങൽ, എഫ്.എച്ച്.സി യുടെ അടിസ്ഥാന വികസനം, പാലിയേറ്റീവ് പരിചരണം എന്നിവയായിരുന്നു ആരോഗ്യമേഖലയിലെ പ്രധാന പ്രോജക്ടുകൾ.

പാർപ്പിട മേഖലയിൽ ലൈഫ് പദ്ധതി കാര്യക്ഷമമായി നിർഹിച്ചിട്ടുണ്ട്. എസ് സി പി പ്രോജക്ടുകളിൽ സ്കോളർഷിപ്പ് വിതരണം, വിവാഹധന സഹായം എന്നിവയും നടപ്പിലാക്കി. ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകുന്നതിനാൽ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ തൻ വർഷം ഏറ്റെടുത്തിട്ടില്ല.

വയോജന സൗഹൃദ പ്രവർത്തനങ്ങളും, വയോജനങ്ങളുടെ ആരോഗ്യം മുൻ നിറുത്തിയുള്ള പ്രവർത്തനങ്ങളും, അനുപൂരക പോഷകപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. മാലിന്യസംസ്കരണ മേഖലയിൽ നേട്ടം കൈവരിയ്ക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളിൽ 11 സ്പിൽ ഓവർ പദ്ധതികളും 71 പുതിയ പദ്ധതികളും ഉൾപ്പെടെ 82പദ്ധതികളിൽ 35 (So10,New25) എണ്ണത്തിന് മാത്രമെ ഓഡിറ്റു വർഷം ചെലവു വന്നിട്ടുള്ളു. റോഡ് നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. വിവിധ സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികൾ, വിട്ടുകിട്ടിയ

സ്ഥാപനങ്ങളുടെ നവീകരണം, എന്നിവ പൂർത്തീകരിയ്ക്കാൻ കഴിഞ്ഞില്ല. കൂടാതെ ഗ്രാന്റിനത്തിൽ വരവുണ്ടായിട്ടും പായിപ്പാട് ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ വൻതുക വകയിരുത്തി വിഭാവനം ചെയ്ത ക്രിമറ്റോറിയം നിർമ്മാണം, കണ്ണനാട്ടുകുളം, ചായക്കാരൻ കുളം എന്നിവയുടെ നവീകരണം, ആർ ഒ പ്ലാന്റ്, മാർക്കറ്റിനുള്ളിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നീ പ്രോജക്ടുകൾ ഓഡിറ്റു വർഷം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

പ്രോജക്ടുളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.
സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ചതിൽ താഴെപ്പറയും പ്രകാരം ആകെ **67.53 ലക്ഷം** രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തിട്ടുണ്ട്. റോഡിതരഫണ്ട് ഓഡിറ്റു വർഷം 99% ചെലവ് ഉണ്ടായിട്ടുണ്ട്

ഗ്രാന്റ്-ഇനം	അലോട്ട്മെന്റ്/ വരവ്	ചെലവ്	സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്ത തുക
വികസന ഫണ്ട്-ജനറൽ	1,69,67,000	1,63,62,518	6,04,482

വികസന ഫണ്ട്-എസ്.സി.പി	78,78,000	58,701,96	20,07,804
വികസന ഫണ്ട്-ടിഎസ്.പി	-------	-------	-----
മെയിന്റനൻസ് ഗ്രാന്റ്-Road	1,18,42,650	77,02,411	41,40,239
മെയിന്റനൻസ് ഗ്രാന്റ്-Non Road	36,72,600	36,72,058	542
ആകെ			67,53,121

സാമ്പത്തിക വർഷാവസാനം തെരഞ്ഞടുപ്പ് പ്രഖ്യാപിച്ചതിനാലും, റോഡ് ഫണ്ടിന്റെ അവസാന ഗഡു വിതരണം ചെയ്യാത്തതിനാലും പ്രോജക്ട് ചെലവ് കൂടുതൽ സ്പിൽ ഓവറായി. കൂടാതെ 10.15 ലക്ഷം രൂപ ട്രഷറിയിൽ ക്യൂ ബില്ലിലും ആണ്.

1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2023-24 വർഷം 2414 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 16 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 1807 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 502 പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 186 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചു 179 പ്രവൃത്തികൾ പൂർത്തിയാക്കി. 48333 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 176 അയൽകൂട്ടങ്ങളിൽ 86 എണ്ണം തൊഴിലുറപ്പ് പദ്ധതിയുമായി

സഹകരിച്ചിട്ടുണ്ട്. 846 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി വൃക്ഷത്തൈകൾ വച്ചു പിടിപ്പിയ്ക്കൽ, ഭൂവികസന പ്രവൃത്തികൾ, തോടുകളുടെ പുനരുദ്ധാരണം, തുടങ്ങിയ പ്രകൃതി വിഭവ സംരക്ഷണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പു പദ്ധതി ചെലവുകൾ Direct Beneficiary Transfer (DBT) ആയി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് നൽകുന്നത്. 2023-24 വർഷത്തെ കാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

31/03/2024 ബാലൻസ് ഷീറ്റ് പ്രകാരം 1648501 രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് നടപടി ക്രമങ്ങൾ കൃത്യമാണ്.

<u>വരവു ചെലവിന്റെ സംഗ്രഹം</u>

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	673702	2099293	2772995	2768152	4843
ഇ എഫ് എം എസ്(ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത്)	0	21312143	21312143	21312143	0
ആകെ	673702	23411436	4904209	24080295	4843

1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	
വാർദ്ധക്യകാലപെൻഷൻ	19942000	1859
കർഷകതൊഴിലാളി പെൻഷൻ	6543200	520
വിധവാപെൻഷൻ	8386000	802
50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ	292800	27
വികലാംഗപെൻഷൻ	3131500	274
വിവാഹധനസഹായം	0	0

1-8 ക്യാഷ് ബാലൻസിന്റെ പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി പായിപ്പാട് ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ്, ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 22/11/2024 തീയതിയിൽ 03.05 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 7470/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ കൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ ശ്ളാഘനീയമാണ്.

ജില്ലയിൽ താരതമ്യേന തനതുഫണ്ട് വരുമാനം കൂടുതലുള്ള പഞ്ചായത്ത് ആണ് പായിപ്പാട്.എന്നാൽ വർദ്ധിച്ച് വരുന്ന റവന്യൂ ചെലവും ചെലവിന്റെ വർദ്ധനവിന് ആനുപാതികമായി വരുമാനം വർദ്ധിക്കാത്തതും ദീർഘകാലാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കാതിരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റു വർഷത്തെ വാർഷികകണക്കുകൾ തയ്യാറാക്കലും കാര്യക്ഷമമായിരുന്നു. എന്നാൽ പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	2/03/2016-18/03/2016	2014-15	LBA(HQ)28A-2418

പെർഫോർമൻസ് ഓഡിറ്റ്	03/06/2022	7/2021-12/2021	06/2021 വരെയുള്ള റിപ്പോർട്ട് ലഭിച്ചു.

1-11 വസ്തുനികുതി പരിഷ്കരണം - ഫീൽഡ് പരിശോധന പൂർത്തിയായില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ) 77/2023/22.3.2023 ഉത്തരവ് പ്രകാരം 31.3.2023 വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ കെട്ടിട ഉടമകളിൽ നിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു.ഗ്രാമപഞ്ചായത്തിലെ ഫീൽഡ് പരിശോധന നടപടികളുടെ നിലവിലെ സ്ഥിതി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (1/23.11.2024) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിലെ ആകെയുള്ള 16 വാർഡുകളിൽ 2,3 എന്നീ വാർഡുകളിലെ വിവരശേഖരണം പൂർത്തിയായതായും 4,14 വാർഡുകളിൽ വിവരശേഖരണം നടന്നുവരുന്നതായും അറിയിച്ചു. 31/03/2023 വരെ നികുതി നിർണ്ണയം നടത്തിയ എല്ലാ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കപ്പെട്ട ശേഷം ഉപയോഗക്രമം, പ്ലിന്ത് ഏരിയ, എയർ കണ്ടീഷൻ, തറ നിർമ്മിതിയുടെ തരം തുടങ്ങയവയിൽ വ്യത്യാസം വരുത്തുകയോ അധിക നിർമ്മാണം നടത്തുകയോ ടെറസ് റൂഫിങ്ങ് നടത്തുകയോ ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പാക്കേണ്ടതും കെട്ടിടത്തിന്റെ മേഖലയും, പ്രവേശനമാർഗ്ഗമായ റോഡിന്റെ തരവും ഡേറ്റാബേസിലേത് ഫീൽഡ് ഡേറ്റയുമായി വ്യത്യാസമുണ്ടോ എന്നും ഉറപ്പ് വരുത്തി അപാകത കണ്ടെത്തുന്ന കെട്ടിടങ്ങളുടെ റഗുലറൈസേഷൻ, ഫീൽഡ് പരിശോധന ഡാറ്റായുടെ അടിസ്ഥാനത്തിൽ നികുതി ഡേറ്റാബേസിന്റെ പ്യൂരിഫിക്കേഷൻ, ആവശ്യമായ നികുതി പുനർനിർണ്ണയം എന്നിവ നടത്തേണ്ടതാണ്. മേൽവിവരിച്ച

പ്രകാരമുള്ള നടപടികൾ എല്ലാം പൂർത്തീകരിച്ച ശേഷം വിശദാംശങ്ങൾ ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-12 വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6(3) പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ 2023-24 സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ തറനിർമ്മിതിയുടെ തരം, മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് ഗണത്തിൽപ്പെട്ടതാണോയെന്ന പരിശോധന നടത്താതെ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു.

ക്രമനമ്പർ	വാർഡ്/ കെട്ടിട നമ്പർ	ഉടമ	കെട്ടിടത്തിന്റെ ഉപയോഗം	വിസ്തീർണ്ണം(ച മീ)
1	7,287/F,G,H	ഹുസൈൻ എസ്	വാണിജ്യാവശ്യം - 100 ച മീ മുതൽ 500 ച മീ വരെ	315.36
2	3,167/E,F,G,H	ജോജോമോൻ വർഗ്ഗീസ് & മറിയാമ്മ ജോജോ	വാണിജ്യാവശ്യം - 100 ച മീ മുതൽ 500 ച മീ വരെ	389.99

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ ഉടമസ്ഥർ സമർപ്പിച്ച ഫോറം 2 ൽ തറനിർമ്മിതിയുടെ തരം ഏതെന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ഫീൽഡ് പരിശോധനാ റിപ്പോർട്ടിലും ഇത് സംബന്ധിച്ച

രേഖപ്പെടുത്തലില്ല. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് ഉറപ്പാക്കാതെ നികുതി നിർണ്ണയം നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (15/27.11.2024) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ്വെയറിൽ ഡേറ്റാ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു.വിശദമായ ഫീൽഡ് പരിശോധന നടത്തി നികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) ' എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

റോഡിന്റെ പേര്	കെട്ടിട നമ്പർ	ഉടമസ്ഥൻ	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന

			തരം (ഫോം- 6 പ്രകാരം)
പെരുംതുരുത്തി നാലുകോടി റോഡ് (വാർഡ് 13)	690	രാഖേഷ് രാമകൃഷ്ണൻ	5 മീറ്ററോ അതിൽ കുടുതൽ
	273/A	സജീവ് മാത്യൂസ്	1.5 മീറ്ററിൽ കുടുതൽ വീതിയുള്ള റോഡ്

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൂയറിക്ക് (7/26.11.2024) ലഭ്യമാക്കിയ മറുപടിയിൽ റോഡിന്റെ തരം കണക്കാക്കിയതിൽ അപാകതയുണ്ടായതായി അറിയിച്ചു. ഭൗതിക പരിശോധന നടത്തി വസ്തുനികുതിയിൽ ആവശ്യമായ പരിഷ്കരണങ്ങൾ നടത്തി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1)1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി

		ഒടുക്കാത്ത അർദ്ധവർഷം
1	ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് യൂണിറ്റ് ഓഫീസ്, പായിപ്പാട്	1,2
2	അക്ഷയ ഇ സെന്ററർ, നാലുകോടി	1,2
3	ഡിജിറ്റൽ സേവാകേന്ദ്രം നാലുകോടി	1,2

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2023-24 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം
1	കെ കെ ഫിനാൻസ്, നാലുകോടി	1,2
2	എ എസ് ഫിനാൻസ്, നാലുകോടി	1,2

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (14/27.11.2024) ലഭ്യമാക്കിയ മറുപടിയിൽ 2024-25 വർഷം കുടിശ്ശികയായി തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 IFTE & OS ലൈസൻസ് - സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നില്ല

1) 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതോ ആയ സ്ഥാപനങ്ങളെ, തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളതായി വ്യക്തമായിട്ടില്ല. സഞ്ചയ വെബ്പോർട്ടൽ ഡാറ്റ ബേസ് പ്രകാരം, വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഒക്യൂപ്പൻസി	കെട്ടിടങ്ങളുടെ എണ്ണം
1)	വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പ്, ഗോഡൗൺ	780

2)	വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പ്, ഗോഡൗൺ	143
3)	200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ - വാണിജ്യാവശ്യം, സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	7
4)	200 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ - വാണിജ്യാവശ്യം, സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	88
5)	വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ	42
6)	എം. എസ്. എം. ഇ ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ	1

	യൂണിറ്റുകളുടെ കെട്ടിടങ്ങൾ (മീഡിയം സെക്റ്റർ)	
	ആകെ	1061

സഞ്ചയ ഡാറ്റ ബേസ് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 1061 കെട്ടിടങ്ങളെ വ്യവസായ വാണിജ്യ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ, സ്ഥാപനത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം, '331' സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ, വ്യവസായ വാണിജ്യ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട എല്ലാവിധ സ്ഥാപങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാതിരുന്നതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/28.11.2024), ലൈസൻസ് പരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമായിട്ടുണ്ട്. വസ്തു നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും, വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ലൈസൻസുകളുടെ എണ്ണവും തമ്മിലുള്ള വ്യതിയാനം, നിരവധി സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ ഉൾപ്പെടാതെ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ തെളിവാണ്. തുടർ വർഷങ്ങളിൽ ലൈസൻസ് വരവിനത്തിൽ ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹരിതകർമസേനയുടെ സഹായത്തോടെ വ്യാപാരികളുടെ ഡേറ്റാ ബേസ് തയ്യാറാക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. അപാകത ആവർത്തിതിരിക്കുവാൻ ധനകാര്യ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റികളുടേതുൾപ്പെടെയുള്ള ശ്രദ്ധയും തുടർനടപടികളും ഉണ്ടാകേണ്ടതാണ്.

2) റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ

പട്ടിക പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.2019-ലെ (സി.എസ്) എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻകടകളേയും ട്രഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/28.11.2024), മറുപടി ലഭ്യമായില്ല. റേഷൻ കടകളിൽ നിന്നും നിയമാനുസൃതമായ ലൈസൻസ് ഫീ ഈടാക്കാതെ സ്ഥാപനം പ്രവർത്തിക്കാൻ അനുവദിക്കുന്നത് ക്രമപ്രകാരമല്ല. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ, ഗ്രാമ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉൾപ്പെട്ട റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതുൾപ്പെടെയുള്ള നിർദ്ദേശത്തോടുകൂടി നടപടി സ്വീകരിക്കേണ്ടതാണ്.

1-16 നികുതി വരവിനങ്ങളിലെ കുടിശ്ശിക

2023-24 വാർഷികധനകാര്യപത്രിക പ്രകാരം വസ്തു നികുതിയിൽ താഴെപ്പറയും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

ക്രമനമ്പർ	ഇനം	തുക
1	വസ്തുനികുതി (സെസ്സ് ഉൾപ്പെടെ)	1120906

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (14/27.11.2024) ലഭ്യമാക്കിയ മറുപടിയിൽ

വസ്തുനികുതിയിനത്തിലുള്ള കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചു. വസ്തുനികുതി കുടശ്ശിക പൂർണ്ണമായും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുടർവർഷങ്ങളിൽ നികുതി വരവുകൾ പൂർണ്ണമായും അതത് വർഷത്തിൽ തന്നെ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 മീറ്റ് സ്റ്റാൾ ലേലം - 7.06 ലക്ഷം രൂപ ഈടാക്കിയില്ല

1) തൻ വർഷത്തെ മീറ്റ് സ്റ്റാൾ ലേലം, ശ്രീ. നവാസ് മോൻ. സി. എം, ചന്ദനപ്പറമ്പിൽ, പി. സി. കവല, പായിപ്പാട് എന്നയാൾ 7,26,025/- രൂപയ്ക്ക് സമർപ്പിച്ച ലേല തുകയ്ക്ക്, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 8(1)/ 21.03.2023 നം. തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 18% ജി. എസ്. റ്റി തുക ഉൾപ്പെടെ ആകെ ലേല തുക 8,56,710/- രൂപയാണ്. എന്നാൽ, ആകെ ലേല തുകയിൽ ജാമ്യ നിക്ഷേപമായ 50,000/- രൂപയും (രസീത് നം. 1220105573/ 17.03.2023), 1,00,000/- രൂപയും (രസീത് നം. 1220105960/ 29.03.2023) ഉൾപ്പെടെ ആകെ 1,50,000/- രൂപ മാത്രമാണ് പഞ്ചായത്ത് കാര്യാലയത്തിൽ അടവാക്കിയിട്ടുള്ളതെന്ന് കാണുന്നു. ലേല തുകയിൽ ശേഷിക്കുന്ന 7,06,710/- രൂപ ഈടാക്കാതിരുന്നതിന്റെ സാഹചര്യം സംബന്ധിച്ചും, തുക ഈടാക്കുവാൻ ഗ്രാമ പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/28.11.2024), മറുപടി ലഭ്യമായിട്ടുണ്ട്. ശ്രീ. നവാസ് മോൻ. സി. എം, ചന്ദനപ്പറമ്പിൽ, പി. സി. കവല, പായിപ്പാട് എന്നയാൾ 7,26,025/- രൂപയ്ക്ക് സമർപ്പിച്ച ലേല തുകയ്ക്ക്, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 8(1)/ 21.03.2023 നം. തീരുമാനം പ്രകാരം അംഗീകാരം നൽകുകയും, ശേഷിക്കുന്ന ലേല തുക അടവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമ പഞ്ചായത്ത് കത്ത് നൽകിയിരുന്നുവെങ്കിലും ടി യാൾ തുക അടവാക്കിയില്ല. ടി യാൾ ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റിഷനിൽ (WP (C) No. 9099/2024/13.03.2024) പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 18.03.2024 തീയതിയിൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽവെച്ച് ഹിയറിംഗ് നടപടികൾ

പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, ടി യാൾ 27.03.2024 തീയതിയിൽ 5,76,025/- രൂപയുടെ ചെക്ക് ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ സമർപ്പിച്ചെങ്കിലും (രസീത് നം. 1231702499/27.03.2024 & ചെക്ക് നം. 000024/27.03.2024 - എച്ച്.ഡി.എഫ്.സി ബാങ്ക്), ടിയാളുടെ ബാങ്ക് അക്കൗണ്ടിൽ മതിയായ ക്യാഷ് ബാലൻസ് ഇല്ലാതിരുന്നതിനാൽ, ചെക്ക് ഡിസോണർ ആകുകയും, ചെക്ക് ബന്ധപ്പെട്ട ബാങ്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ, സ്റ്റാൻഡിംഗ് കൗൺസൽ മുഖേന, കേസിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ ജി.ഒ(എം.എസ്) നം.83/11എൽഎസ്ജിഡി/28.03.2011 ഉത്തരവ് പ്രകാരമുള്ള, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 21(2) പ്രകാരം, മറ്റ് സ്ഥലത്തെ ബാങ്കുകളിൽ നിന്നുള്ള ചെക്കുകളുടെ തുകകളിൽ ബാങ്ക് ചാർജ്ജുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അപ്രകാരം ബാങ്ക് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ, അപ്രകാരമുള്ള തുകകൾ പ്രത്യേകം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. മേൽ ചട്ടങ്ങളിലെ, ചട്ടം22(1) പ്രകാരം, ബാങ്കുകൾ ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ അതിനുവേണ്ടി നൽകിയ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും, ചെക്ക് നൽകിയ ആളെ പഞ്ചായത്തിൽ നിന്ന് നൽകിയ രസീത് ക്യാൻസൽ ചെയ്ത വിവരം അറിയിക്കേണ്ടതാണ്. ബന്ധപ്പെട്ട തുക, ബാങ്ക് ഏതെങ്കിലും ചാർജ്ജ് ഈടാക്കിയിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടെ, ക്യാഷ് ആയോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ പഞ്ചായത്തിൽ അടയ്ക്കണമെന്നും ആവശ്യപ്പെടേണ്ടതാണ്. ബാങ്ക് മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട കക്ഷി പണം അടയ്ക്കുന്നതുവരെ മറ്റാർക്കും നൽകാൻ പാടില്ലാത്തതുമാണെന്ന്, മേൽ ചട്ടങ്ങളിലെ, ചട്ടം 22(3)-ൽ പരാമർശിച്ചിരിക്കുന്നു. പ്രസ്തുത അക്കൗണ്ട്സ് ചട്ടങ്ങളിലെ ബന്ധപ്പെട്ട നിർദ്ദേശങ്ങൾ, നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

ലേലം കൊണ്ട തുക ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കുവാൻ സാധിക്കാത്ത സ്ഥിതിയിൽ, ഗ്രാമ പഞ്ചായത്തിനുള്ള വരവിനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിരിക്കുകയാണ്. വിഷയം സബ്ജുഡിസ് ആയതിനാൽ, ബഹു. കേരള

ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി നടപടി സ്വീകരിക്കേണ്ടതും, തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2) പഞ്ചായത്തിന്റെ കീഴിലുള്ള ഫാമിലി ഹെൽത്ത് സെന്റർ (FHC) കോമ്പൗണ്ടിലെ തെങ്ങുകളുടെ കായ് ഫലം ഉപയോഗപ്പെടുത്തുന്നതിന്, ശ്രീ. എം. സി. സുഭാഷ് എന്നയാൾ 2700/- രൂപയ്ക്ക് സമർപ്പിച്ച ലേല തുകയ്ക്ക്, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 8(1)/ 21.03.2023 നം. തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 2700/- രൂപ ഈടാക്കിയതിന്റെ രസീത് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/28.11.2024), മറുപടി ലഭ്യമായില്ല. ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ലേല തുക ഈടാക്കി, രസീതിന്റെ പകർപ്പ് ഉൾപ്പെടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള FHC കോമ്പൗണ്ടിൽ എം. സി. എഫ് നവീകരണത്തിന്റെ ഭാഗമായി വിവിധ വൃക്ഷങ്ങൾ, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷൻ പ്രകാരം, 06.11.2023 തീയതിയിലെ ലേല നടപടികളിൽ ഏറ്റവും കൂടിയ തുകയായ 25,600/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ള ശ്രീ. അഭിലാഷ്, പാറപ്പുറം, പി. സി. കവല, പായിപ്പാട് എന്നയാൾ സമർപ്പിച്ച ലേല തുകയ്ക്ക്, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 14(1)/ 13.11.2023 നം. തീരുമാനം പ്രകാരം അംഗീകാരം നൽകുകയും, 1231500373/06.11.2023 നം. രസീത് പ്രകാരം ലേല തുകയായ 25,600/- രൂപ പഞ്ചായത്ത് കാര്യാലയത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ലേല തുകയ്ക്ക് ആനുപാതികമായി നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് (FDT) ഈടാക്കിയിട്ടില്ല. തടിയുടെ വില്പന വിലയുടെ 5.25 % തുക FDT എന്ന് രേഖപ്പെടുത്തൽ വരുത്തി, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുവേണ്ടി നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള കണക്ക് ശീർഷകത്തിൽ അടവാക്കേണ്ടതുണ്ട്. ആയതിനാൽ, ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് (FDT) തുകയായ 1,344/-

രൂപ ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കി, നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള കണക്ക് ശീർഷകത്തിൽ അടവാക്കി, ട്രഷറി ചാലാന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-19 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- വാങ്ങലുകൾ നടത്തിയപ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

1.

പ്രോജക്ടിന്റെ പേര് / നമ്പർ	പായിപ്പാട് മുസ്ലിം എൽ പി സ്കൂളിന് കസേര വാങ്ങൽ, 204/24
അടങ്കൽ തുക, ഫണ്ടിനം	54180/- സംരക്ഷണ ഫണ്ട് റോഡിതരം
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
ചെലവ് തുക, ഫണ്ടിനം	50000/- സംരക്ഷണ ഫണ്ട് റോഡിതരം
ബിൽ നം./തീയതി	340/20.02.2024

മേൽ പ്രോജക്ടിന്റെ ഭാഗമായി ആർക്കോ ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും ALP 410 / 08.02.2024 ക്യാഷ് ബിൽ പ്രകാരം 50000/- രൂപ ചെലവഴിച്ച് 65 എണ്ണം Plastic Moulded Chair With Arm വാങ്ങിയിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ നിന്നും പ്ലാസ്റ്റിക് കസേരകൾ ടെണ്ടർ നടപടികളിലൂടെയല്ലാതെ വാങ്ങുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത്

ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (20/28.11.2024) ലഭ്യമാക്കിയ മറുപടിയിൽ മേൽ തരത്തിൽ വാങ്ങൽ നടത്തുന്നതിന് അനുമതി ലഭ്യമാക്കുന്ന ഉത്തരവ് ലഭ്യമാക്കിയില്ല. ഭാവിയിൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാനുവൽ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിക്കേണ്ടതാണ്.
2.

പ്രോജക്ടിന്റെ പേര് / നമ്പർ	സ്കൂളുകൾക്ക് പ്രോജക്ടറും സൗണ്ട് സിസ്റ്റവും , 177/24
അടങ്കൽ തുക, ഫണ്ടിനം	100000/- സംരക്ഷണ ഫണ്ട് റോഡിതരം
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
ചെലവ് തുക, ഫണ്ടിനം	87158/- (മൾട്ടിമീഡിയ പ്രോജക്ടർ -52408,സ്പീക്കർ – 20250,ട്രൈപോഡ് സ്റ്റാൻഡ് – 14500)
ബിൽ നം./തീയതി	359/02.03.2024

മേൽ പ്രോജക്ടിന്റെ ഭാഗമായി 52408 രൂപ ചെലവഴിച്ച് ജെം പോർട്ടൽ മുഖേന കെ എം ടെക്നോളജീസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും മൾട്ടിമീഡിയ പ്രോജക്ടർ വാങ്ങൽ നടത്തിയിട്ടുണ്ട്.(31/01/2024 ലെ KMR/23-24/1930 നം ടാക്സ് ഇൻവോയ്സ്).

പൊതുവിദ്യാഭ്യാസവകുപ്പിന്റെ 30.1.2023 ലെ സ.ഉ (സാ.ധാ) നമ്പർ 818/2023 പ്രകാരം മൾട്ടിമീഡിയ പ്രൊജക്ടറിനായി ചെലവഴിക്കാവുന്ന പരമാവധി തുക 31248/- രൂപയാണ്. കൂടാതെ 20250/- രൂപ ചെലവഴിച്ച് സ്പീക്കർ വാങ്ങിയിട്ടുണ്ട് (08/02/2024 ലെ KMR/23-24/2028 നം ടാക്സ് ഇൻവോയ്സ്). മേൽ ഉത്തരവ് പ്രകാരം ചെലവഴിക്കാവുന്ന പരാമാവധി തുക 897/- രൂപയാണ്. അധിക തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (20/28.11.2024) ലഭ്യമാക്കിയ മറുപടിയിൽ ജെം പോർട്ടലിൽ ലഭ്യമായ മൾട്ടിമീഡിയ ഉപകരണങ്ങളിൽ ഏറ്റവും വില കുറവായവയാണ് വാങ്ങൽ നടത്തിയതെന്നും മേൽ ഉപകരണങ്ങൾ തൻവർഷം വാങ്ങേണ്ടത് സ്ഥാപനത്തെ സംബന്ധിച്ച് അത്യന്താപേക്ഷിതമായിരുന്നുവെന്നും അറിയിച്ചു. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരമുള്ള വിലയിൽ ഉപകരണങ്ങൾ സർക്കാർ വാങ്ങൽ നടത്താൻ നിർദ്ദേശിച്ചിട്ടുള്ള ജെം പോർട്ടലിൽ ലഭ്യമല്ലായിരുന്നുവെന്നും രേഖകൾ സഹിതം നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റിൽ അറിയിച്ചു. പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച് ഉണ്ടാകുന്ന സാങ്കേതിക വിഷമതകൾ സർക്കാരിനെ അറിയിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-20 പോത്തുകുട്ടി വളർത്തൽ പദ്ധതി - ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായും ഉറപ്പുവരുത്തിയില്ല

2023-24 വാർഷിക പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ '09' ഗുണഭോക്താക്കൾക്ക് പോത്തുകുട്ടികളെ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. / പേര്	90/2024 : പോത്തുകുട്ടി വളർത്തൽ (എസ്. സി വിഭാഗം - വനിത) പദ്ധതി
ഫണ്ട്	SCSP 2,40,000/- / 1,44,000/-

അടങ്കൽ തുക/ ചെലവ് തുക	
ബിൽ നം. / തീയതി	258/21.12.2023 459/24.03.2024
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജ്ജൻ

പോത്തുകുട്ടികൾ വിതരണം ചെയ്യപ്പെട്ട '09' ഗുണഭോക്താക്കളിൽ, ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പോത്തുകുട്ടികളെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്/ വിലാസം
1)	ഓമന രാഘവൻ തെക്കേക്കടവിൽ നാലുകോടി പായിപ്പാട്
2)	ശ്രീജ. എം. കെ നെടുമ്പ്രത്തറ പായിപ്പാട്
3)	ദാസകുമാരി. ഡി ഇല്ലത്തുപറമ്പ് നാലുകോടി

പ്രസ്തുത ഗുണഭോക്താക്കളുടെ പോത്തുകുട്ടികളെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിൽ, ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/28.11.2024), മറുപടി ലഭ്യമായിട്ടുണ്ട്. ക്രമ നം. (1), (2) എന്നിവയുടെ ഇൻഷ്വറൻസ് പോളിസി ഡോക്കുമെന്റ് അതത് ഗുണഭോക്താക്കൾ നേരിട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് ലഭ്യമായില്ലെന്നും, ക്രമ നം. (1) -ന്റെ വിശദാംശങ്ങൾ, ലഭ്യമായ ഇൻഷ്വറൻസ് പോളിസി ഡോക്കുമെന്റിൽ ഉൾപ്പെടാതെപോയതുമാണെന്നുള്ള മറുപടി ലഭ്യമായിട്ടുണ്ട്. മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് അനുസൃതമായി, ഉരുക്കളെ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിയുമ്പോൾ മാത്രമാണ് പദ്ധതിയുടെ നിർവ്വഹണം പൂർത്തീകരിക്കപ്പെടുന്നത്. നൽകപ്പെടുന്ന എല്ലാ ഉരുക്കളെയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരികയെന്ന പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായുള്ള നടപടി ഇവിടെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ, പ്രസ്തുത പദ്ധതിക്കായി SCSP ഇനത്തിൽ നടത്തിയിട്ടുള്ള 48,000/- രൂപയുടെ ചെലവ് (പ്രസ്തുത മൂന്ന് ഗുണഭോക്താക്കൾക്കായുള്ള ആകെ ചെലവ് തുക) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഗുണഭോക്താക്കൾക്ക് നൽകപ്പെട്ടിട്ടുള്ള ഉരുക്കളുടെ ഇൻഷ്വറൻസ് പോളിസി ഡോക്കുമെന്റുകൾ കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-21 കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2023-24 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	29/2024 : കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് പദ്ധതി
ഫണ്ട്	തനത് ഫണ്ട്

അടങ്കൽ തുക / ചെലവ് തുക	50,000/- / 50,000/-
ചെക്ക് നം./ തീയതി	5098601/20.02.2024
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ. സി. ഡി. എസ് സൂപ്പർവൈസർ

ശ്രീ. ജീവൻ വർഗ്ഗീസ്, തകടിയിൽ, പായിപ്പാട് എന്ന ഗുണഭോക്താവിന്റെ കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസിന്റെ ഭാഗമായി, തദ്ദേശ സ്വയംഭരണ (ഡി. എ) വകുപ്പിന്റെ ഡി. എ1/284/2023/തസ്വഭവ/09.11.2023 നം. സർക്കുലറിലെ നിർദ്ദേശപ്രകാരം, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള -യുടെ, പഞ്ചാബ് നാഷണൽ ബാങ്കിന്റെ 3301005800000015 നം. അക്കൗണ്ടിലേക്ക് 50,000/- രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള -യിൽ നിന്നുമുള്ള ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/28.11.2024), മറുപടി ലഭ്യമായിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള -യ്ക്ക് കൈമാറിയിട്ടുള്ള പ്രസ്തുത തുക, ഗുണഭോക്താവിന്റെ ചികിത്സയ്ക്ക് തുക ചെലവാകുന്ന മുറയ്ക്ക് മാത്രമേ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുകയുള്ളൂവെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതി പൂർത്തീകരിയ്ക്കപ്പെടാത്ത സാഹചര്യത്തിൽ, പ്രസ്തുത പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഗുണഭോക്താവിന്റെ കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് ചികിത്സ നടപടികളുടെ പൂർത്തീകരണം നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിൽ ഉറപ്പാക്കേണ്ടതും, ചെലവ് തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-22 അജൈവ മാലിന്യനിർമ്മാർജ്ജനം- ഇ-ഓട്ടോ പ്രവർത്തനരഹിതം- എംസിഎഫിൽ മാലിന്യം കെട്ടിക്കിടക്കുന്നു

ക്രമ നം.	പ്രോജക്ടിന്റെ നം/ പേര്	അടങ്കൽ	ചെലവ്	ബിൽ/ വൗച്ചർ നം	ആകെ ചെലവ്
1	148/24 ഇലക്ട്രിക് ഓട്ടോ വാങ്ങൽ	സംസ്ഥാനാവിഷ്കൃത ഫണ്ട്-350000/-	347900/-	25300302/10-08-23	497000/-
		തനതുഫണ്ട്- 150000/-	149100/-	80/25-07-23	
2	164/24 എംസിഎഫ് ബെയിലിംഗ് മെഷീൻ	കേന്ദ്രാവിഷ്കൃത ഫണ്ട്- 350000/-	350000/-	22300976/25-03-24	529000/-
		തനതുഫണ്ട്- 200000/-	179000/-	479/25-03-24	
3	212/24 വെയിംഗ് മെഷീൻ വാങ്ങൽ	തനതുഫണ്ട്- 20000/-	8000/-	243/19-12-23	8000/-

4	223/24 എംസിഎഫ് വൈദ്യുതീകരണം	തനതുഫണ്ട്- 100000/-	99094/-	480/25-03-24	99094/-
				ആകെ ചെലവ്	1133094/-

തൻവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മേൽ ചേർത്ത വിവിധ പ്രോജക്ടുകൾ വഴി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ആകെ 11,33,094/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 497000/- രൂപ GEM വഴി ഇ-ഓട്ടോയും 529000/- രൂപ ബെയ്ലിംഗ് മെഷീനും 8000/- രൂപ വെയിംഗ് മെഷീനും വാങ്ങുന്നതിനാണ് ചെലവഴിച്ചത്. 99094/- രൂപ ചെലവഴിച്ച് ബെയ് ലിംഗ് മെഷീൻ പ്രവർത്തിപ്പിയ്ക്കുന്നതിനുള്ള ത്രീഫേസ് കണക്ഷനും എംസിഎഫിൽ നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം സംബന്ധിച്ച് 28-11-2024 തീയതിയിൽ നടന്ന ഓഡിറ്റ് ടീമിന്റെ ഭൗതിക പരിശോധനയിൽ വെയിംഗ് മെഷീനും ബെയ് ലിംഗ് മെഷീനും എംസിഎഫിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ബെയ് ലിംഗ് മെഷീൻ നിലവിൽ പ്രവർത്തിയ്ക്കുന്നതായി കാണപ്പെട്ടില്ല. എംസിഎഫ് കെട്ടിടത്തിന്റെ പുറത്തായാണ് ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിരിയ്ക്കുന്നത്. ബെയിലിംഗ് മെഷീന്റെയും എംസിഎഫിന്റെ ചുറ്റുമായും മാലിന്യം ചാക്കുകളിൽ നിറച്ചും ചിലയിടത്ത് ചിതറിക്കിടക്കുന്നതായും കണ്ടെത്തി. അജൈവമാലിന്യം ശേഖരിച്ച് എംസിഎഫിൽ എത്തിയ്ക്കുന്നതിനു വേണ്ടി തൻവർഷം വാങ്ങിയ ഇ-ഓട്ടോ നിലവിൽ പ്രവർത്തനരഹിതമായി എംസിഎഫിന് അടുത്ത് തന്നെയുള്ള എഫ് എച്ച് സി കോമ്പൗണ്ടിൽ കിടക്കുന്നതായും കണ്ടെത്തി. ആയത് സംബന്ധിച്ചും നിലവിൽ



അജൈവമാലിന്യശേഖരണവും നിർമ്മാർജ്ജനവും എപ്രകാരം നിർവ്വഹിയ്ക്കുന്നുവെന്നതും ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 21/29-11-24) ഇ-ഓട്ടോ 09-10-2024 വരെ പ്രവർത്തിച്ചിരുന്നുവെന്നും ഇതിന് ശേഷം ബാറ്ററി പ്രവർത്തനരഹിതമായതിനാൽ വാഹനം വാങ്ങിച്ച ഫ്ളോറ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് ബാറ്ററി മാറ്റുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അതുപോലെ ബെയിലിംഗ് മെഷീനും 16-10-24 വരെ ഉപയോഗിച്ചിരുന്നുവെന്നും മെഷീന്റെ ബെൽറ്റ് പൊട്ടിയാണ് പ്രവർത്തനരഹിതമായതെന്നും ആയത് സംബന്ധിച്ച് ബെയിലിംഗ് മെഷീൻ വിതരണം ചെയ്ത ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് പരാതി നൽകിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. കാലതാമസം കൂടാതെ ഇവ പ്രവർത്തനക്ഷമമാക്കി കെട്ടിക്കിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. എഫ് എച്ച് സി യ്ക്ക് സമീപമാണ് എം സിഎഫ് എന്നതിനാൽ തന്നെ മാലിന്യം കെട്ടിക്കിടക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്കൊപ്പം കൂടുതലായി ആരോഗ്യ പ്രശ്നങ്ങൾക്കും ഇടയാക്കുമെന്നതിനാൽ അടിയന്തിരമായി ആവശ്യമായ തുടർനടപടികൾ സ്വീകരിയ്ക്കണ്ടതാണ്. തുടർനടപടി വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കുന്നതുവരെ ഇ-ഓട്ടോയ്ക്കും, ബെയിലിംഗ് മെഷീനുമായി ചെലവഴിച്ച 1026000/- (497000 + 529000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.



1-23 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ- രേഖകൾ പൂർണമല്ല

പ്രോജക്ട് നം., പേര്	38/24, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ	
അടങ്കൽ തുക	ചെലവ് തുക	ബിൽ / വൗച്ചർ നം
ധനകാര്യകമ്മീഷൻ ഗ്രാന്റ്-400000/-	360000/-	240/18-12-23
	40000/-	349/27-02-24
തനതുഫണ്ട്- 245357/-	245357/-	299/24-01-24
ആകെ - 645357/-	645357/-	

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ (നം. 38/24) എന്ന പ്രോജക്ട് വഴി KREWS ന്റെ അനുബന്ധസ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് ,കാസറഗോഡ് ൽ നിന്നും 18W ന്റെ 272 എൽഇഡി ബൾബുകളും അനുബന്ധഉപകരണങ്ങളും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള തുകയാണ് KREWS നു നൽകിയിരിയ്ക്കുന്നത്. തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച രജിസ്റ്ററിൽ സ്റ്റോക്ക്/ വിതരണവിവരങ്ങൾ രേഖപ്പെടുത്താത്തതും ലൈറ്റുകളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ടില്ലാത്തതും പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ടില്ലാത്തതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 12/27-11-24) മറുപടിയായി സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ലൈറ്റുകളുടെ വിവരം ചേർത്തും പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ വാർഡ് തിരിച്ചുള്ള ഇൻസ്റ്റലേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 2023-24 വർഷത്തേതായുള്ള സ്റ്റോക്ക് രജിസ്റ്ററാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ മുൻവർഷങ്ങളിൽ വാങ്ങിയ ബൾബുകൾ ബാലൻസുണ്ടോയെന്നത് രേഖപ്പെടുത്തിയിട്ടില്ല.

മാത്രമല്ല ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പോസ്റ്റുകളുടെ വാർഡ് തിരിച്ചുള്ള വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിയ്ക്കുന്നില്ല. പുതിയ ലൈറ്റുകൾ സ്ഥാപിച്ച വേളയിൽ ഉപയോഗശൂന്യമായവ കൈകാര്യം ചെയ്തതിന്റെ വിശദാംശങ്ങളും അന്വേഷണകുറിപ്പിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത പോസ്റ്റുകളിലാണ് ലൈറ്റ് സ്ഥാപിച്ചതെന്നാണ് മറുപടി നൽകിയത്. എന്നാൽ ആയത് പരിശോധിയ്ക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ടുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ പ്രോജക്ടിനായി ചെലവഴിച്ച 645357/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 വെള്ളക്കരം- പ്രതിവർഷം 25 ലക്ഷത്തിലധികം രൂപ അടവാക്കുന്നു- സംയുക്തപരിശോധന പൂർത്തിയാക്കിയിട്ടില്ല.

തൻവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പൊതുടാപ്പുകളുടെ വെള്ളക്കരം എന്ന പ്രോജക്ട് (നം. 98/24) പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 648539/-രൂപ (420448/- ബിൽ നം.146/12.10.2023 + 228091/- ബിൽ നം.481/25.03.2024) എക്സി.എഞ്ചി, പി എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, തിരുവല്ലയിലേയ്ക്ക് അടച്ചിട്ടുണ്ട്. പ്രതിമാസം 188 ടാപ്പുകൾക്കായി ആകെ 228091/- രൂപ നിരക്കിലാണ് വെള്ളക്കരം അടച്ചുപോരുന്നത്. 9/23 ൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത കുടിശ്ശികയുൾപ്പെടെയുള്ള420448/- രൂപയും, 3/24 ലെ വെള്ളക്കരമിനത്തിലെ 228091/- രൂപയും മാത്രമാണ് പ്രോജക്ട് മുഖേന അടച്ചത്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 31-03-23 ൽ തന്നെ 171194/- രൂപ കുടിശ്ശിക നിലനിന്നിരുന്നു. കുടിശ്ശികതുക അടച്ചത് ഏതു കാലയളവിലേതെന്നും തൻവർഷത്തെ ബാക്കിയുള്ള മാസങ്ങളിലെ വെള്ളക്കരം അടവിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 11/27-11-24) പ്രോജക്ട് പ്രകാരം അടച്ചതൊഴികെയുള്ള മാസങ്ങളിലെ വെള്ളക്കരം അതാതുമാസം തനതുഫണ്ടിൽ നിന്നാണ് അടവാക്കിയതെന്ന് മറുപടി നൽകി. എന്നാൽ കുടിശ്ശിക അടവാക്കിയത് ഏതു കാലയളവിലേതെന്ന് വ്യക്തമാക്കിയില്ല. തനതു ഫണ്ടിൽ നിന്നും ബാക്കിയുള്ള 10

മാസങ്ങളിലെ വെള്ളക്കരമിനത്തിൽ പ്രതിമാസം 228091/- രൂപ നിരക്കിൽ 2280910/- രൂപ കൂടി അടവാക്കിയിട്ടുണ്ട്. ഇപ്രകാരം തൻവർഷം ആകെ 2929449/- രൂപ (648539 + 2280910) വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് അടിയന്തിരമായി പഞ്ചായത്ത് പ്രദേശത്തെ ടാപ്പുകളുടെ പരിശോധന പൂർത്തിയാക്കി ഉപയോഗയോഗ്യമല്ലാത്ത ടാപ്പുകളുടെയും പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെയും കൃത്യമായ വിവരം കണക്കാക്കി വെള്ളക്കരമിനത്തിലെ അധികച്ചെലവ് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 B-18 പട്ടിക പ്രകാരം വൻ തുക മുൻകൂർ ക്രമീകരിയ്ക്കാൻ അവശേഷിയ്ക്കുന്നു.

വാർഷികകണക്കിലെ B-18 പട്ടിക പ്രകാരം ഓഡിറ്റു വർഷം 5069607/- രൂപ വിവിധ മുൻകൂറുകളിലായി ക്രമീകരിയ്ക്കാൻ അവശേഷിയ്ക്കുന്നു. ടി തുകയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഇനം	തുക		അഭിപ്രായം
ഫെസ്റ്റിവൽ അഡ്വാൻസ്	6,000/-	സ്ഥലം മാറ്റം ലഭിച്ചു പോയ ജീവനക്കാരി നാളിതു വരെ അടവാക്കിയിട്ടില്ല	ആലപ്പുഴ ജില്ലയിലെ പാലമേൽ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ചു പോയ ജീവന ക്കാരി പല തവണ കത്തുകൾ അയച്ചിട്ടും തുക തിരിച്ചടച്ചില്ല.
മറ്റു മുൻകൂറുകൾ	21,450/-	വിശദാംശങ്ങൾ ലഭ്യമായിട്ടല്ല	കിലയ്ക്ക് പരിശീലനത്തിനായി

			നൽകിയ തുക
വാട്ടർ അതോറിറ്റി	15,30,000/-	മുൻകൂർ ക്രമീകരിച്ചിട്ടില്ല	പ്രവൃത്തി പൂർത്തീകരിച്ചു വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
കെ എസ് ഇ ബി	820877/-	മുൻകൂർ ക്രമീകരിച്ചിട്ടില്ല	പ്രവൃത്തി പൂർത്തീകരിച്ചു വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
ഭൂജല വകുപ്പ്	80000/- (രജിസ്റ്റർ പ്രകാരം 2455000/- യാണ്)	മുൻകൂർ ക്രമീകരിച്ചിട്ടില്ല	പ്രവൃത്തി പൂർത്തീകരിച്ചു വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
പൊതുമരാമത്ത്	80400/-	മുൻകൂർ ക്രമീകരിച്ചിട്ടില്ല	പ്രവൃത്തി പൂർത്തീകരിച്ചു വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
പ്രീമൺസൂൺ	652960/-	മുൻകൂർ ക്രമീകരിച്ചിട്ടില്ല	ശുചിത്വ മിഷനിൽ നിന്നും തുക ലഭിച്ചിട്ടില്ല.

സാക്ഷരത പ്രേരക്	2,29,209/-	മുൻകൂർ ക്രമീകരിച്ചിട്ടില്ല	സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി ഹെഡിൽ ഉൾപ്പെടുന്ന മുൻകൂർ തുകകൾ ക്രമീകരിക്കാൻ/ ഈടാക്കാൻ സത്വര നടപടി സ്വീകരിയ്ക്കണ്ടതാണ്.

1-26 തനത് ഫണ്ടിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥർക്കു നൽകിയ മുൻകൂർ ക്രമീകരണവിവരം ലഭ്യമാക്കിയില്ല

2023-24 വർഷം തനതുഫണ്ടിൽ നിന്നും മുൻകൂറായി ഡയറി എക്സ്റ്റൻഷൻ ഓഫീസർക്ക് 10000/- രൂപ (വൗച്ചർ നം. 22300643/07-12-23) ക്ഷീരകർഷകസംഗമം നടത്തുന്നതിനായും, മെഡിക്കൽ ഓഫീസർ, എഫ്എച്ച്സിയ്ക്ക് 10000/- രൂപ (വൗച്ചർ നം. 22300913/15-03-24) പൾസ് പോളിയോ ക്യാമ്പിനായും നൽകിയിരുന്നു. ചെലവ് രേഖകൾ ഹാജരാക്കി മുൻകൂർ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 23/29-11-24) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ചെലവു രേഖകൾ ലഭ്യമാക്കുന്നതുവരെ 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 കണ്ണാനാട്ടുകുളം-കുടി വെള്ള പദ്ധതി- കുളം വൃത്തിയാക്കുന്നത് സംബന്ധിച്ച് .

പായിപ്പാട് ഗ്രാമപഞ്ചായത്തിലെ Sc3-100 / 2024കത്ത് പ്രകാരം 14/02/2024 തീയതിയിൽ കേരളാ വാട്ടർ അതോറിറ്റി തിരുവല്ലയുടെ നിർദ്ദേശ പ്രകാരം കണ്ണാനാട്ടു കുളം അടിയന്തിരമായി വൃത്തിയാക്കുന്നതിനായി ക്ഷണിച്ച കൊട്ടേഷനുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ സുനിൽകുമാർ P, മാലു ഡീവാട്ടറിംഗ് എന്ന കരാറുകാരനെ കമ്മിറ്റിയിലേക്ക് വിളിക്കുകയും. ടിയാൾ രേഖപ്പെടുത്തിയ 55,000 രൂപയിൽ

നെഗോസിയേഷൻ നടത്തി തുക കുറവ് ചെയ്യുന്നതിന് കമ്മിറ്റി ശ്രമിച്ചെങ്കിലും കരാറുകാരൻ ടി കുളത്തിൽ 2, 5, 6 ,16 എച്ച്.പിയിലുള്ള മോട്ടറുകൾ ഉപയോഗിച്ച് ഒരേ സമയം പമ്പ് ചെയ്തെങ്കിൽ മാത്രമേ വെള്ളം വറ്റിക്കാനാകുവെന്നും ആയത് ശ്രമകരമായ ജോലിയാണെന്നും അതിനാൽ ടി തുകയിൽ കുറവ് ഒന്നും ചെയ്യാൻ സാധിക്കില്ല എന്നും അറിയിച്ച സാഹചര്യത്തിൽ ടിയാളുടെ 55,000/- രൂപയുടെ കൊട്ടേഷൻ അംഗീകരിക്കുകയും. 22/02/2024 തീയതിയിൽ തന്നെ ശുചീകരണ പ്രവർത്തന ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്തിരുന്നു. അതോടൊപ്പം തൊഴിലാളികൾക്ക് ആവശ്യമായ പ്രതിരോധ മരുന്നുകൾ നൽകുന്നതിന് മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതിനും ശുചീകരണം നടക്കുന്ന ദിവസങ്ങളിൽ കരാറുകാരൻ ആവശ്യപ്പെടുന്ന അത്യാവശ്യം ചെലവുകൾക്കുള്ള തുക അനുവദിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി 28/02/24ലെ കമ്മറ്റി അംഗീകരിച്ചു തീരുമാനിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷം 2200000/-രൂപ വാട്ടർ അതോറിട്ടിയിൽ നിക്ഷേപിച്ച് ഗ്രാമപഞ്ചായത്തിലെ പ്രധാന കുടിവെള്ളപദ്ധതിയാക്കി തുടർ വർഷങ്ങളിൽ നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റു വർഷം പ്രസ്തുത കുടിവെള്ളപദ്ധതി യിലെ ജലം വൃത്തിഹീനവും കുടിവെള്ള ആവശ്യത്തിന് ഉപയോഗിയ്ക്കുവാൻ സാധ്യവുമല്ലെന്നു പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും, ആയതിനാൽ പമ്പിങ് താൽകാലികമായി നിറുത്തി വെച്ചിരിയ്ക്കുകയാണെന്നും 06/02/2024 ലെ PH/SN/CHRY/102/2022 കത്ത് പ്രകാരം വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറിയെ അറിയിച്ചിരുന്നു. കുടിവെള്ളപദ്ധതി ഉപയോഗപ്രദമാക്കുന്നതിന് കുളം വൃത്തിയാക്കി പ്രയോജനപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

1-28 R ട്രാക്ക് റോഡ് മാപ്പിങ്ങ് -പൂർത്തിയായില്ല

പ്രോജക്ട് നം.	88/23	138/24

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനിയർ	അസിസ്റ്റന്റ് എഞ്ചിനിയർ
അടങ്കൽ തുക	48000/- (തനത് ഫണ്ട്)	16000/-(തനത് ഫണ്ട്)
ചെലവ് തുക	32000, ചെക്ക് നം179962/30-3-23	--------

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി: 19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നു് നിഷ്ക്കർഷിക്കുന്നു. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് മുൻ വർഷം പ്രോജക്ട് തയ്യാറാക്കി 16 വാർഡുകളിലെ മാപ്പിങ്ങ് പൂർത്തിയാക്കിയതിന് ശ്രീ. മനേഷ് മണിയപ്പന് 2022-23 ൽ 32000/- രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. നിലവിൽ R Track ആപ്ലിക്കേഷനിൽ വിവിധ റോഡുകളുടെ മാപ്പിങ്ങ് മാത്രമാണ് പൂർത്തിയായതെന്നും വേരിഫിക്കേഷൻ നടപടികൾ 2024 സെപ്റ്റംബർ 30 നകം പൂർത്തീകരിക്കാൻ ഊർജ്ജിതശ്രമങ്ങളുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥ മുൻവർഷം അറിയിച്ചിരുന്നു. എന്നാൽ ഓഡിറ്റു വർഷം 16000/-രൂപ ആയതിലേയ്ക്ക് വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചിട്ടില്ല. പ്രോജക്ട് പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-29 ഗ്യാസ് ക്രിമറ്റോറിയം - നിലവിലെ നിർമ്മാണപ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്യാസ് ക്രിമറ്റോറിയം എന്ന പ്രോജക്ട് വർഷങ്ങൾക്ക് മുമ്പ് വിഭാവനം ചെയ്തിരുന്നതായി മുൻ കമ്മിറ്റി തീരുമാനങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പ്രോജക്ട് നം. 170/23 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2,00,000/-രൂപ അടങ്കലായി ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയ്ക്കായി 1,97,060/-രൂപ തനത് ഫണ്ടിൽ നിന്നും (ചെക്ക് നം. 170818/12-12-2022) ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് എന്ന സ്ഥാപനത്തിന് തുക നൽകുകയും ടി സ്ഥാപനം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

ഓഡിറ്റു വർഷം 80/24 നമ്പർ പ്രോജക്ട് പ്രകാരം 5028400/-രൂപ ക്രിമറ്റോറിയം നിർമ്മാണത്തിനായി വകയിരുത്തിയിരുന്നു. എന്നാൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിനുള്ള തുടർ പ്രോജക്റ്റ് ആവിഷ്ക്കരിച്ചതിന്റെ വിശദാംശങ്ങൾ ഉണ്ടെങ്കിൽ, ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്, അടങ്കൽ തുക, പ്രോജക്റ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/29-11-24) മറുപടിയായി 2024-25 സാമ്പത്തിക വർഷം പ്രോജക്ട് തയ്യാറാക്കി പൈലിംഗ് നടപടികൾ പൂർത്തിയാക്കി കോളം നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പല സാമ്പത്തികവർഷങ്ങളിലായി വിഭാവനം ചെയ്തതിനു ശേഷം പല കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടി വന്ന മേൽ സൂചിത പ്രോജക്ട് താമസംവിനാ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 ടേക്ക് എ ബ്രേക്ക് -പ്രവർത്തനസജ്ജമാക്കിയിട്ടില്ല

	38/23, ടേക്ക് എ ബ്രേക്ക് പൊതു	146/24 ടേക്ക് എ ബ്രേക്ക്

പ്രോജക്ട് നം./ പേര്	ടോയ്‌ലെറ്റ് നിർമ്മാണം	അധിക തുക വകയിരുത്തൽ
അടങ്കൽ	2,10,000/-(ശുചിത്വമിഷൻ)+ 8,86,755/-(CFC) 10,96,755/-	500000/-പദ്ധതി വിഹിതം
ചെലവ്	8,64,743/- (CFCബിൽനം282/10-3-23)	471101/- (ബിൽ-208/22.11.2023)
കരാറുകാരൻ	രഘുനാഥൻ നായർ	ഷഫീക്ക് മോൻ റ്റി എ
കരാർ നം./ തീയതി	46/AE/LSGD/21-22 Dt 20-12-21	35/AE/LSGD/PPD/2022-23 Dtd 31.03.2023
നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ. തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നു. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.



ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഫിഷ്മാർക്കറ്റിനുള്ളിൽ വിശ്രമകേന്ദ്രവും കഫറ്റീരിയയും നിർമ്മിക്കുന്നതിന് 2021-22 വർഷം തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 20-12-2021 ൽ പ്രവൃത്തി ആരംഭിക്കുകയും ആകെ 19,77,988/- രൂപ ചെലവഴിച്ച് ടോയ്ലെറ്റ് സമുച്ചയങ്ങൾ, കഫറ്റീരിയ എന്നിവ നിർമ്മിക്കുകയും ചെയ്തിരുന്നു. മാർക്കറ്റിനുള്ളിൽ സ്ഥാപിക്കുക വഴി ടേക്ക് എ ബ്രേക്ക് എന്ന ആശയത്തിന്റെ ലക്ഷ്യം നിർവ്വഹിക്കുമോയെന്ന കാര്യത്തിൽ ആശങ്കയുണ്ട്. മാർക്കറ്റ് പ്രവർത്തനക്ഷമമാകുന്നത് പുലർച്ചെ 2.00 Am ന് മാത്രമാണ്. ഈ സമയത്ത് കഫറ്റീരിയ പ്രയോജനമാകുന്നുമില്ല. 2023-24 വർഷം മേൽ സൂചിത പ്രോജക്റ്റ് തയ്യാറാക്കി നിർമ്മാണം പൂർത്തീകരിച്ച് പൊതുജനാവശ്യത്തിനായി തുറന്നു നൽകുന്നതിനായി ഉദ്ഘാടനം മാത്രം നടത്തിയിട്ടുണ്ടെങ്കിലും സമുച്ചയം തുറന്ന് പ്രവർത്തിക്കുന്നില്ലായെന്ന് ഓഡിറ്റ് ടീം 28/11/24 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. സമുച്ചയം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/29.11.24) മറുപടിയായി പൊതുജനങ്ങൾ വന്നുപോകുന്ന മാർക്കറ്റിൽ ഒരു പൊതു ശൗചാലയ സമുച്ചയം ആവശ്യമാണെന്നും ആയതിനാൽ ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം ലേലം ചെയ്തു നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് ഓഡിറ്റ് സമാപനയോഗത്തിൽ കമ്മറ്റി മെമ്പർമാരും പ്രസിഡന്റും അറിയിച്ചിട്ടുണ്ട്.
ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം സർക്കാർ നിർദ്ദേശ പ്രകാരം പ്രവർത്തനം ആരംഭിക്കേണ്ടതും, മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം കെട്ടിടം പ്രയോജനപ്പെടുത്തി

വരുമാനം ആർജ്ജിക്കേണ്ടതുമാണ്. കെട്ടിടം പ്രയോജനപ്രദമാക്കുന്നതു വരെ ഓഡിറ്റു വർഷം ചെലവഴിച്ച 471101/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 മരാമത്ത് പ്രവൃത്തികളുടെ സ്ഥല പരിശോധന – പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സുപ്രധാന കുടിവെള്ള സ്രോതസുകളിൽ ഒന്നായ ചായക്കാരൻ കുളം നവീകരണത്തിനായി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത് തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	S/O 22/2022-23 ചായക്കാരൻ കുളം നവീകരണം	S/O 131/2023-24 ചായക്കാരൻ കുളം നവീകരണം
വകയിരുത്തിയ തുക	1307000/-	346686/-സിഎഫ്സി അവാർഡ്
ചെലവഴിച്ച തുക	960314/-	102052/-
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എഞ്ചിനീയർ	അസി.എഞ്ചിനീയർ
നിർവ്വഹിച്ച പ്രവൃത്തി	Retaining Wall Construction And Hand Rail Work + Painting Etc.	Dry Rubble Protection Wall Work+RCC Belt+Hand Rail Work+ Hand Rail Painting



കുളം കാടുപിടിച്ച് അത്യധികം മലിനമായ നിലയിൽ



മുൻ വർഷവും തൻവർഷവും നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം 12 ലക്ഷത്തോളം രൂപ ചെലവഴിച്ച് ചായക്കാരൻ കുളത്തിന്റെ രണ്ടു വശത്തും ഹാന്റ് റെയിൽ ഘടിപ്പിയ്ക്കുകയും കുളത്തിന്റെ മുകൾ ഭാഗത്തെ ഓടയിൽ നിന്നും ഒഴുകുന്ന മലിന ജലം ഗതി മാറ്റി ഒഴുക്കുന്ന രീതിയിൽ ഒരു വശം കോൺക്രീറ്റു ചെയ്യുകയും, മുകളിൽ നടപ്പാതയ്ക്കായി സ്ലാബു പാകുകയും ചെയ്തിട്ടുണ്ട്. 28/11/2024-ൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ കുളം നിലവിൽ കാടുപിടിച്ച് അത്യധികം മലിനമായ അവസ്ഥയിൽ കാണപ്പെട്ടു. കരഭാഗം എന്ന അവസ്ഥ പോലെ നിറയെ പച്ചപ്പായിരുന്നു കുളത്തിൽ. കുടിവെള്ളത്തിനായി മുൻകാലങ്ങളിൽ ചായക്കാരൻ കുളം പ്രയോജനപ്പെടുത്തിയിരുന്നു എന്നാണ് ജനപ്രതിനിധികൾ അറിയിച്ചത്. പ്രസ്തുത കുളം വൃത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/29-11-24) മറുപടിയായി തുടർ വർഷം പ്രോജക്ട് തയ്യാറാക്കി ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു അറിയിച്ചിട്ടുണ്ട്. പ്രവൃത്തി സ്റ്റിൽ ഓവറായി ഉൾപ്പെടുത്തി വർഷാവർഷം തുക ചെലവഴിച്ചിട്ടും പദ്ധതി പ്രയോജനപ്പെടുന്നില്ല. കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-32 ലൈഫ് ഭവന പദ്ധതി - മുൻകൂർ തുക കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ (എസ്സി പ്രോജക്ട്) പ്രകാരമുള്ള രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെചേർക്കുന്ന ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര് /മേൽവിലാസം	ലൈഫ് ഐ ഡി	ഗഡുക്കൾ കൈപ്പറ്റിയതിന്റെ	നിലവിലെ സ്ഥിതി

			വിവരം	
1	ലീലാമ്മ വാസുക്കുട്ടൻ പുലിശ്ശേരി വാർഡ് -1	5/558/557059	40000/-(24/02/23)	നിർമ്മാണം ആരംഭിച്ചിട്ടില്ല
2	സുനിൽ നന്ദനൻ അടിവാരം പനച്ചിക്കാവ് വാർഡ്-15	5/558/428583	40000/-(24/03/23)	നിർമ്മാണം ആരംഭിച്ചിട്ടില്ല
3	ലീല രാഘവൻ എസി കോളനി നം -108 വാർഡ് -1	5/558/2023	30000/-(06/01/23)	നിർമ്മാണം ആരംഭിച്ചിട്ടില്ല

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ധനസഹായം കൈപ്പറ്റിയ ശേഷം ദീർഘനാളായിട്ടും ഭവന നിർമ്മാണം ആരംഭിയ്ക്കാത്തത് വ്യക്തിപരമായ സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം ആണെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടത്. മുൻകൂർ നൽകിയ തുകയ്ക്കുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമെന്നും, പ്രവൃത്തി ആരംഭിക്കാൻ ഇനിയും താമസം നേരിടുന്നപക്ഷം മുൻകൂർ നൽകിയ തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതാണെന്ന് കമ്മറ്റി അംഗങ്ങളും, നിർവ്വഹണോദ്യോഗസ്ഥനും അറിയിച്ചിട്ടുണ്ട്.

1-33 ആശ്രയ- അഗതിരഹിതകേരളം പദ്ധതി- അക്കൗണ്ടിൽ ദീർഘനാളായി പ്ലാൻഫണ്ട് നിലനിൽക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആശ്രയ പദ്ധതിക്കായി തൻവർഷം ഒരു ലക്ഷം രൂപ ധനകാര്യക്കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിരുന്നെങ്കിലും തുക അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. എന്നാൽ 2019-20 വർഷം മുതൽ ലഭിച്ച പ്ലാൻ ഫണ്ട് തുകകൾ നിലവിലും ചെലവഴിയ്ക്കാൻ അക്കൗണ്ടിൽ ശേഷിയ്ക്കുന്നു. മുൻവർഷങ്ങളിലെ ചലഞ്ച് ഫണ്ട്

തുകകൾ പൂർണമായി ചെലവഴിച്ചിട്ടുണ്ട്. അഗതി രഹിതകേരളം പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.720202010005286, യൂണിയൻ ബാങ്ക്, തൃക്കൊടിത്താനം) 31.3.23 ൽ 12,63,162 -രൂപയായിരുന്നു നീക്കിയിരിപ്പ്. തൻവർഷം വീട് മെയിന്റനൻസിനായി ഒരു ഗുണഭോക്താവിന് 100000/- രൂപയും രണ്ടു ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതവുമായി ആകെ 200000/- രൂപയും ഭക്ഷ്യകിറ്റ് വിതരണത്തിനായി 430694/ രൂപയും ചെലവഴിച്ചിട്ടുണ്ട്. 31-03-24 ൽ പലിശ ഉൾപ്പെടെ ബാങ്ക് അക്കൗണ്ടിൽ 657760.78 രൂപ നീക്കിയിരിപ്പുണ്ട്. നാലര ലക്ഷത്തിലധികം രൂപ പ്ലാൻ ഫണ്ടും ചെലവഴിയ്ക്കാൻ ശേഷിയ്ക്കുന്നു. നടപ്പു സാമ്പത്തികവർഷം തന്നെ പ്ലാൻഫണ്ട് ചെലവഴിയ്ക്കുന്നതിന് തുടർനടപടികൾ സ്വീകരിയേ്ക്കണ്ടതാണ്. അല്ലാത്തപക്ഷം പലിശ സഹിതം തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരിച്ചടയേ്ക്കണ്ടതാണ്.

1-34 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, ആയതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ

ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിത കർമ്മസേന.

ഹരിത കർമ്മസേന

പായിപ്പാട് ഗ്രാമപഞ്ചായത്തിൽ 16 വാർഡുകൾ ആണ് ഉള്ളത്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യ 23928ആണ്. ഹരിത കർമ്മസേനയുടെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നത് ആൾ താമസമുള്ള 5793 വീടുകളും 626 സ്ഥാപനങ്ങളും ആണ്. 16 വാർഡുകളിലുമായി 26 ഹരിത കർമ്മസേനാംഗങ്ങൾ ഉണ്ട്

ഹരിത കർമ്മസേനയുടെ മാലിന്യ ശേഖരണ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഹരിതകർമ്മസേനയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. കലണ്ടർ തയ്യാറാക്കിയ പ്രകാരമാണ് മാലിന്യം ശേഖരിയ്ക്കുന്നത്.

മാലിന്യം വേർതിരിക്കൽ, പുനചംക്രമണം, സാമൂഹ്യ ഇടപെടൽ

വീടുകളിലും സ്ഥാപനങ്ങളിലും നിന്നും ശേഖരിയ്ക്കുന്ന അജൈവ മാലിന്യങ്ങൾ മിനി എം.സി.എഫ് കളിൽ എത്തിയ്ക്കുകയും അവിടെ നിന്നും എം.സി.എഫിൽ എത്തിച്ച് കൃത്യമായി വേർതിരിയ്ക്കുകയും ചെയ്യുന്നു. പഞ്ചായത്ത് തലത്തിൽ പ്ലാസ്റ്റിക് പുനരുപയോഗിക്കാൻ സംവിധാനങ്ങളില്ല. വേർതിരിയ്ക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നു. മാലിന്യ മുക്തം നവകേരളം ഒന്നാംഘട്ട ക്യാമ്പയിന്റെ ഭാഗമായി വിപുലമായ രീതിയിൽ ക്ലീൻ ഡ്രൈവുകളും ബോധവത്ക്കരണ പരിപാടികളും നടത്തി.



പഞ്ചായത്തിലെ പ്രധാന എം.സി.എഫ് കെട്ടിടം

<u>സൃഷ്ടിക്കപ്പെടുന്ന തൊഴിലുകൾ</u>

2023-24 സാമ്പത്തിക വർഷം ഹരിത കർമ്മസേനാംഗങ്ങൾക്ക് 5000/-രൂപ മുതൽ 12000/-രൂപ വരെ മാസവരുമാനം ലഭിച്ചിരുന്നു.നിലവിലും ടി അവസ്ഥ തുടരുന്നു.

<u>അടിസ്ഥാന സൗകര്യവികസനം</u>

ഹരിതകർമ്മസേനയുടെ കാര്യക്ഷമത വർദ്ധിപ്പിയ്ക്കുന്നതിനായി വാഹനം വാങ്ങി നൽകിയിട്ടുണ്ടെങ്കിലും (ഓഡിറ്റു വർഷം) ബാറ്ററി കേടായതിനാലും , കയറ്റം കയറുമ്പോൾ വാഹനം നിന്നുപോകുന്നതിനാലും നിലവിൽ ഉപയോഗിക്കുന്നില്ല.





പാരിസ്ഥിതിക ആഘാതം

അനധികൃതമായി മാലിന്യം തള്ളിയത് സംബന്ധിച്ച 39 പരാതികളിൽ മാലിന്യം തള്ളിയ വ്യക്തികളെ കണ്ടെത്തുകയും പിഴ ഈടാക്കുകയും (78000/-) ഒരു ദിവസത്തെ സാമൂഹിക സേവനം ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പരിശീലനം, പ്രവർത്തന മേഖലയിലെ വികസനം, നിയമങ്ങൾ പാലിക്കൽ

ഹരിത കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ കൃത്യമായ ഇടവേളകളിൽ നൽകിയിട്ടുണ്ട്. അനധികൃതമായി മാലിന്യം തള്ളുന്നത് ഹരിതകർമ്മസേനാംഗങ്ങൾ കൃത്യമായി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യാറുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു എം.സി.എഫും, 16 മിനി എം.സി.എഫ് കളും ഉണ്ട്. എം.സി.എഫ്. ൽ ബെയ് ലിംഗ് മെഷീൻ, വെയിങ്ങ് മെഷീൻ എന്നിവ ഇല്ല. ഫയർ& സേഫ്ടി ഉപകരണങ്ങൾ, ശുചിമുറി സൗകര്യം എന്നിവയുണ്ട്. എംസിഎഫ്. സ്ഥിതിചെയ്യുന്നത് കടൂക്കര എന്ന സ്ഥലത്താണ്(പത്താം വാർഡിൽ)

ശേഖരിയ്ക്കുന്ന മാലിന്യങ്ങൾ ഓരോ വാർഡിലേയും മിനി എംസിഎഫ് കളിലും എംസിഎഫ് ലുമായി സൂക്ഷിയ്ക്കുന്നു. എല്ലാ മാസവും ശേഖരിച്ച മാലിന്യം തരം തിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നു.

സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം -പദ്ധതിയുടെ നിർവ്വഹണ പുരോഗതിയും കാര്യക്ഷമതയും

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആദ്യ ഘട്ടത്തിൽ നടപ്പിലാക്കിയിരുന്നു. പഞ്ചായത്തിലെ എല്ലാ വീടുകളും സ്ഥാപനങ്ങളും ഇതിന്റെ പരിധിയിൽ വന്നിട്ടുണ്ട്. എല്ലാ മാസവും ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് ഹരിതമിത്രം ആപ്പ് മുഖേനയാണ് പ്ലാസ്റ്റിക് ശേഖരിയ്ക്കുന്നത്. എല്ലാ മിനി എം.സിഎഫ്.കളും ജിയോ ടാഗ് ചെയ്തിട്ടുണ്ട്. ഓരോ മാസത്തേയും വെയ്സ്റ്റ് മാനേജ്മെന്റിന്റെ മുൻപും പിൻപും ഉള്ള സ്റ്റാറ്റസുകൾ ആപ്പിൽ രേഖപ്പെടുത്തുന്നുണ്ട്. എംസിഎഫിൽ പ്ലാസ്റ്റിക്കിന്റെ സ്റ്റോക്ക്, സെഗ്രേഷൻ, വിൽപ്പന തുടങ്ങിയ വിവിധ ഘട്ടങ്ങൾ ഹരിതമിത്രം ആപ്പ് മുഖേന ചെയ്യുകയും ആയത് പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും മോണിട്ടറിംഗിന് വിധേയമാക്കപ്പെടുന്നുമുണ്ട്.

നിർദ്ദേശങ്ങൾ

1. മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)യുടെ നിലവിലെ സൗകര്യം ഹരിതകർമ്മ സേനയ്ക്ക് കൂടുതൽ മാലിന്യം സംഭരിക്കുന്നതിനും, സൗകര്യപ്രദമായി സെഗ്രിഗേഷൻ ചെയ്യുന്നതിനും ഉതകുമാറ് വിപുലീകരിക്കേണ്ടതാണ്.

2. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റിജക്റ്റഡ് മാലിന്യത്തിന് അവയുടെ തൂക്കത്തിനനുസരിച്ചുള്ള വില ഈടാക്കുന്ന നടപടി വ്യാപകമാക്കേണ്ടതാണ്
3.നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കുന്നതിന് കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതാണ്.

4. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ കൂടുതൽ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

5. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ചു ഹരിതകർമ്മ സേനയ്ക്ക് പരിശീനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്ത മാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.

6. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

7. മാലിന്യ നീക്കത്തിനായി ഹരിത കർമ്മസേനയ്ക്ക് വാഹനം മെയിന്റനൻസ് ചെയ്ത് നൽകേണ്ടതും ആയത് ഓടിക്കുന്നതിനുള്ള പരിശീലനം നൽകേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 26.06.2024 ലെ നം. 1 തീരുമാന പ്രകാരം അംഗീകരിച്ച് AIMS സോഫ്റ്റ്വെയറിൽ ഓൺലൈനായി 28.06.2024 ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 22-11-2024, 23-11-2024 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31-03-2024 ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 1134084/- രൂപയും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 500000/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്(നം.)	ചെലവ്	ബാക്കി
കോട്ടയം ജില്ല പഞ്ചായത്ത്	200000/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക്	200000/-	0

		സ്കോളർഷിപ്പ് ബത്ത നൽകൽ(23/24)		
	300000/-	അങ്കണവാടി പോഷകാഹാരം (22/24)	300000/-	0
ആകെ	**500000/-**	**ജില്ല പഞ്ചായത്ത് വിഹിതം**	**500000/-**	**0**
മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	464084/-	ലൈഫ് മിഷൻ വസ്തുവാങ്ങലും ഭവന നിർമ്മാണം -എസ്.സി. (101/24)	464084/-	0
	370000/-	ലൈഫ് മിഷൻ ഭവന നിർമ്മാണവും -എസ്.സി.(121/24)	370000/-	0
	300000/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	300000/-	0

		ബത്ത നൽകൽ(23/24)		
ആകെ	**1134084/-**	**ബ്ലോക്ക് പഞ്ചായത്ത് വിഹിതം**	**1134084/-**	**0**

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2023-24 വർഷം പഞ്ചായത്ത് നിക്ഷേപ പ്രവൃത്തിക്കായി തുകകളൊന്നും ചെലവഴിച്ചിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2023-24 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് പദ്ധതി ഹഡ്കോ വായ്പ(KURDFC)	ജി.ഒ. (എം.എസ്) 68/2018/LSGD തീ-18.05.2018	3,481,208/-	2700000	981,560/-	-	5199648/-

വികസന ഫണ്ടിൽ ജനറൽ വിഹിതത്തിൽ നിന്ന് 798,780/- രൂപയും SCSP-യിൽ നിന്നും 182,780/- രൂപയും ഉൾപ്പെടെ ആകെ 981,560/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ

സ്രോതസ്സിൽ കുറവ് ചെയ്താണ് (Source Deduction) KURDFC വായ്പ തിരിച്ചടവ് നടത്തിയത്.2023-24 വാർഷിക ധനകാര്യപത്രിക ബി 5 ഷെഡ്യൂൾ പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 5199650 രൂപയാണ്. 2 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	0
തൻവർഷം നിക്ഷേപിച്ച തുക	5900000
ആകെ	5900000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5900000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

ക്രമ നം.	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തീയതി	തുക	എഫ്.ഡി അക്കൗണ്ട്നം.
1	സൗത്ത് ഇന്ത്യൻ ബാങ്ക്	18.11.2023	900000	0730101000002130
2	ഫെഡറൽ ബാങ്ക്	01.11.2023	5000000	15780300049236
ആകെ			5900000	

4-7 ഓഡിറ്റ് റിക്കവറി

2023-24 ധനകാര്യ പത്രിക പ്രകാരം ലഭിച്ച ഓഡിറ്റ് റിക്കവറി 20080/- രൂപയാണ്. 180400301 ശീർഷകത്തിലാണ് തുക അക്കൗണ്ട് ചെയ്തിരിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

ക്രമ നം.	റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	അടവാക്കിയ തുക/ വരവിനം	തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./ തീയതി
1.	2021-22	1-30	20080/-	അഭിലാഷ് കെ വി,കല്ലൂറപ്പാറ പുത്തൻ വീട്, തെരുവുവിളക്കുകൾ അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട് അനുവദിച്ച അധിക തുക തിരികെ ഈടാക്കി	1230100166/ 20.04.2023

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പായിപ്പാട് ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2.2.1 2.2.2	2016-17	ഖണ്ഡിക - 1 അനുബന്ധം-3	വസ്തുനികുതി	നിയമസഭാ സമിതിയുടെ

					പരിഗണനയിൽ
2014-15	2.3.1, 2, 3, 4, 5	2016-17	ഖണ്ഡിക - 2 അനുബന്ധം-4	തൊഴിൽ നികുതി	നിയമസഭാ സമിതിയുടെ പരിഗണനയിൽ
2015-16	2.5.1 2.5.2 2.5.3	2016-17	ഖണ്ഡിക - 2 അനുബന്ധം–5	തൊഴിൽ നികുതി	നിയമസഭാ സമിതിയുടെ പരിഗണനയിൽ
2020-21	1-14	2021-22	അനുബന്ധം 1	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം	നിയമസഭാ സമിതിയുടെ പരിഗണനയിൽ

4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

2023-24 വാർഷികധനകാര്യപത്രിക പ്രകാരം ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം)	:	88,925,156/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ്& പേമെന്റ് പത്രിക പ്രകാരം)	:	69,579,397/-

ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		130,419,539/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		128,425,940/-
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	**2260458/-**

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക-നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	48000/-	ഡോ. സരിത തങ്കച്ചൻ, വെറ്ററിനറി സർജൻ
1-21	50000/-	ശ്രീമതി അനു മാത്യു, ഐ. സി. ഡി. എസ്

		സൂപ്പർവൈസർ
1-22	1026000/-	ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി
1-23	645357/-	ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി
1-26	20000/-	ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി
1-30	471101/-	ശ്രീമതി ഫാത്തിമ കെ.ഇ, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	**2260458/-**	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u> (ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/10/2024 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	എൽ.എഫ്.കെ.പി3-210/1998/16.05.1998/03.09.1999	-
2001-02	എൽ.എഫ്.കെ.പി8-906/2007/22.04.2009	4
2003-04 (ചെലവ്)	എൽ.എഫ്.കെ.പി10-അദാ 2022 165(1)/2022/10.08.2022	1
2005-06	കെ.എസ്.എ.-കെ.ടി.എം.പി10(അദാ-2018)/187(7)/2018/01.02.2018	1
2008-09	കെ.എസ്.എ.-കെ.ടി.എം.പി10(അദാ-2022)/165(4)/2022/05.08.2022	4
2009-10	കെ.എസ്.എ.-കെ.ടി.എം.പി10(അദാ-2022)/165(5)/2022/05.08.2022	1
2010-11 & 2011-12	കെ.എസ്.എ.-കെ.ടി.എം.പി10(അദാ-2022)/165(6)/2022/05.08.2022	1
2012-13	കെ.എസ്.എ.-കെ.ടി.എം.പി10(അദാ-2022)/997/2022/05.08.2022	7

2013-14	കെ.എസ്.എ.-കെ.ടി.എം.പി10/998/2022/16.06.2022	15
2014-15	കെ.എസ്.എ.-കെ.ടി.എം.പി10/997/2022/16.06.2022	11
2015-16	കെ.എസ്.എ.-കെ.ടി.എം.പി10/999/2022/27.07.2022	8
2016-17	കെ.എസ്.എ.-കെ.ടി.എം.പി10/1000/2022/10.08.2022	9
2017-18	കെ.എസ്.എ.-കെ.ടി.എം.പി10/1186/2022/10.08.2022	7
2018-19	കെ.എസ്.എ.-കെ.ടി.എം.പി10/1187/2022/10.08.2022	10
2019-20	കെ.എസ്.എ.-കെ.ടി.എം.പി10-1593/2021/09.06.2022	14
2020-21	കെ.എസ്.എ.-കെ.ടി.എം.പി10/1593/2021/09.06.2022	14
2021-22	കെ.എസ്.എ.-കെ.ടി.എം.പി10/1057/2023/29.02.2024	29
2022-23	കെ.എസ്.എ.-കെ.ടി.എം.പി10-1697/2023/24/11/2023	54

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 26-06-2024 and submitted on 28-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Paippadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Paippadu Grama Panchayat as on 31-03-2024

Date: 18/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Paippadu Grama Panchayat for the Year 2023-2024.

1.Major Observations

1. The accuracy of the total general fund of the Grama Panchayath as on 31/03/2024 is not clear in the absence of supporting documents.
2. Capital Contribution Register, recording the capital-revenue-wise expenditure of various grants, is not maintained.
3. Assets are not classified, evaluated and accounted as per instructions in G.O.(MS)152/2011 dated 26/07/2011. No records have been maintained elucidating the authenticity and accuracy of the information and value of assets as on 31/03/2024.

2.Other Observations

1. Government/Other dues register is not maintained which shows the accuracy of the amounts due to Government/Other Institutions.
2. As per the advance register, Rs.24,55,000/- has been paid in advance to the ground water department upto the financial year 2023-24. But in B18 Schedule the amount mentioned is Rs.80000/-only.

Deputy Director
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്